# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 400 – 29/05/2019 - ലെ മറുപടിക്ക്

### ജപ്തി ഭീഷണി

ചോദ്യം | ഉത്തരം

ശ്രീ.ഡി.കെ. മുരളി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | റിസർവ് ബാങ്ക് നിയമപ്രകാരം പ്രവർത്തിക്കുന്ന ബാങ്കുകളുടെ ജപ്തി ഭീഷണി അതിജീവിക്കാൻ വായ്പ എടുത്തവർക്കുവേണ്ടി ഏതെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാരിനു കീഴിൽ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ബാങ്കുകളുടെ ജപ്തി നടപടികളിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ സംസ്ഥാനസർക്കാർ നടത്തി വരുന്നു. വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് കുടിശ്ശിക വരുത്താതെ അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ജപ്തിയും തുടർനടപടികളും ഇതിനോടുള്ള ബാങ്കുകളുടെ സമീപനവും മറ്റും സംസ്ഥാനത്ത് സാമൂഹ്യ പ്രശ്നമായി തീരുന്ന പശ്ചാത്തലം വിലയിരുത്തി സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (ELRSS) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിഷ്ക്രിയ ആസ്തിയായിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയും പിഴപലിശയും ബാങ്കുകൾ എഴുതിതള്ളുന്ന പക്ഷം വായ്പ ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള സഹായം നൽകിയിരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തി ആകാത്ത വായ്പകൾക്ക് തിരിച്ചടവ് ധനസഹായവും നൽകി വരുന്നു. |
| ബി | ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | |

സെക്ഷൻ ഓഫീസർ